മാതൃഭൂമി

12 January 2026

# കടലറിവും തനത് വിഭവങ്ങളുമായി ലക്ഷദ്വീപ് മത്സ്യമേള

**കൊച്ചി▸** കടലറിവുകളും ലക്ഷദ്വീപിന്റെ പൈതൃകവും സമന്വയിപ്പിച്ച ത്രിദിന മത്സ്യമേളയ്ക്ക് കവരത്തിയിൽ തുടക്കം. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഉപദേശകൻ ഡോ. എസ്.ബി. ദീപക് കുമാർ മേള ഉദ്ഘാടനം ചെയ്തു. നാഷണൽ ഫിഷറീസ് ഡിവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ. ബി.കെ. ബെഹ്റ അധ്യക്ഷത വഹിച്ചു.

പരമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന കടൽവിഭവങ്ങൾ, നാടൻ ഉൽപന്നങ്ങൾ, കടൽപായലിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങൾ, സാങ്കേതികവിദ്യാ പ്രദർശനം, സാംസ്കാരികോത്സവം തുടങ്ങിയവയാണ് മേളയിലുള്ളത്. കടൽപായൽ പായസം, മീൻ ചക്കര, നീരാളി ഫ്രൈ, ട്യൂണ (ചൂര) കൊണ്ടുള്ള വിവിധ വിഭവങ്ങൾ, പലതരം നാടൻ പലഹാരങ്ങൾ തുടങ്ങിയവ മേളയിൽ ലഭ്യമാണ്. മത്സ്യബന്ധന മേഖലയിലെ ആധുനിക ഉപകരണങ്ങൾ, ശീതീകരണ സംവിധാനങ്ങൾ, ശാസ്ത്രീയമായ മത്സ്യകൃഷി രീതികൾ എന്നിവയെക്കുറിച്ചുള്ള പ്രദർശനവും മേളയിലുണ്ട്. മത്സ്യബന്ധന-മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട 72 സ്റ്റാളുകളാണ് മത്സ്യമേളയിലുള്ളത്. കടലറിവിനൊപ്പം ലക്ഷദ്വീപിന്റെ തനതായ കലാരൂപങ്ങളും സംഗീത പരിപാടികളുമുണ്ട്.



കവരത്തിയിൽ സിഎംഎഫ്ആർഐയുടെ കീഴിലുള്ള ലക്ഷദ്വീപ് കെവികെ സംഘടിപ്പിച്ച മത്സ്യമേള ഡോ. എസ്.ബി. ദിപക് കുമാർ ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ കളക്ടർ ഡോ. ഗിരിശങ്കർ, ഫിഷറീസ് സെക്രട്ടറി രാജ് തിലക്, ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, ഡോ. വി. വെങ്കടസുബ്രഹ്മണ്യൻ, കെവികെ മേധാവി ഡോ. പി.എൻ. ആനന്ദ് തുടങ്ങിയവർ പങ്കെടുത്തു.